# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4415 | 17/12/2014-ൽ മറുപടിക്ക്

## കൂടുതൽ ഹോമിയോ മെഡിക്കൽ കോളേജുകൾ

**ചോദ്യം**

ശ്രീ.എ.എ.അസീസ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഹോമിയോ മെഡിക്കൽ കോളേജുകളാണുള്ളത്; എവിടങ്ങളിലൊക്കെ; | (എ) | സംസ്ഥാനത്ത് സർക്കാർ കോളേജുകൾ രണ്ടെണ്ണവും, എയ്ഡഡ് കോളേജുകൾ മൂന്ന് എണ്ണവും ഉണ്ട്. സർക്കാർ കോളേജുകൾ തിരുവനന്തപുരത്തും, കോഴിക്കോട്ടും, എയ്ഡഡ് കോളേജുകൾ തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലുമാണ് ഉള്ളത്. |
| (ബി) | ഹോമിയോ ചികിത്സ സംസ്ഥാനത്ത് കൂടുതൽ പ്രചാരം സിദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ ഹോമിയോ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്ത് സർക്കാരിന്റെ മേഖലയിൽ രണ്ടും, എയ്ഡഡ് മേഖലയിൽ മൂന്നും ഹോമിയോ മെഡിക്കൽ കോളേജുകൾ ഉള്ളതിനാൽ നിലവിൽ പുതിയ ഹോമിയോ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ